# 4th NSA Level Meeting on Trilateral Maritime Security Cooperation

November 26, 2020

---

## ത്രിരാഷ്ട്ര  മാരിടൈം സെക്യൂരിറ്റി കോർപറേഷന്റെ 4 മത് എൻ എസ് എ ലെവൽ സമ്മേളനം

നവംബർ 26, 2020

ശ്രീലങ്ക ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ പ്രതിരോധവകുപ്പ് സെക്രട്ടറിയായ ശ്രീ മേജർ ജനറൽ (റിട്ട) കമൽ ഗുണരത്നയുടെ ക്ഷണമനുസരിച്ച്, 2020 നവംബർ 27-28 തിയ്യതികളിലായി ശ്രീലങ്കയുടെ ആതിഥേയത്തിൽ നടത്തുന്ന ത്രിരാഷ്ട്ര  മാരിടൈം സെക്യൂരിറ്റി കോർപറേഷന്റെ 4 മത് എൻ എസ് എ ലെവൽ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ദേശീയ സുരക്ഷാ ഉപദേഷ്ടാവായ ശ്രീ . അജിത്ത് ഡോവൽ കൊളോമ്പോ സന്ദർശിക്കുന്നതായിരിക്കും.

2. മുൻപത്തെ സമ്മേളനങ്ങൾ 2011 ൽ മാലദ്വീപിലും 2013 ൽ ശ്രീലങ്കയിലും 2014 ൽ ഇന്ത്യയിലുമായാണ് നടന്നത്.ഇന്ത്യൻ സമുദ്രത്തെ തീരത്തെ രാജ്യങ്ങളെ സംബന്ധിച്ച സഹകരണത്തിനായുള്ള കാര്യക്ഷമമായ പ്ലാറ്റ്ഫോമാണ് എൻ എസ് എ തലത്തിലുള്ള ത്രിരാഷ്ട്ര സമ്മേളനം. മൗറീഷ്യസും, സീഷെൽസും അതിഥി രാജ്യങ്ങളെന്ന നിലയിൽ 3 മത് സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

3. ശ്രീലങ്കയുടെ പ്രതിരോധ സെക്രട്ടറി, ഇന്ത്യയുടെ സുരക്ഷാ ഉപദേഷ്ടാവ് എന്നിവർക്ക് പുറമെ മാൽദ്വീപ് പ്രതിരോധ മന്ത്രി മരിയദിദിയും മാൽദ്വീപിനെ പ്രതിനിധീകരിച്ചുകൊണ്ട് സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്.

4. ഇന്ത്യ സമുദ്ര പ്രവിശ്യയിലെ നാവിക സുരക്ഷാ സഹകരണം സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സമ്മേളനം അവസരമൊരുക്കുന്നതായിരിക്കും.

5. ത്രിരാഷ്ട്ര സമ്മേളനത്തിന് പുറമെ, സുരക്ഷാ ഉപദേഷ്ടാവ് മറ്റു ഉന്നതതല ഉഭയകക്ഷി പ്രവർത്തനങ്ങളിലും പങ്കെടുക്കുന്നതായിരിക്കും.

**ന്യൂ ഡൽഹി**
**26 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.